**യോഹന്നാൻ, 2, 13-22 ആലയത്തെക്കുറിച്ചുള്ള തീഷ്ണത**

## 1. ക്ഷമാപണത്തോടെ

ചെറുപ്പകാലത്ത് പള്ളിയിലിരുന്ന് സംസാരിക്കുകയും, കുസ്രുതികൾ കാണിക്കുകയും ചെയ്യുമ്പോൾ വികാരിയച്ചന്മാർ വഴക്കുപറയുന്നതും, തല്ലുന്നതും, ഇറക്കിവിടുന്നതുമൊക്കെകിട്ടു്, ചിലപ്പോൾ തല്ലുകിട്ടിയിട്ടുമു്. തദവസരങ്ങളിൽ അവരെ വിമർശിക്കുകമാത്രമാണ് ഞാനും ചെയ്തട്ടുള്ളത്. ഇന്ന് ഒരു പുരോഹിതനായി ഈ ആലയത്തിൽ നിങ്ങളുടെ മുമ്പിൽ നിന്ന് ബലിയർപ്പിക്കുമ്പോഴാണ് ശ്രീകോവിലിലെ അനീതി കാണുമ്പോഴുള്ള ഒരു പുരോഹിതന്റെ വേദന മനസ്സിലാക്കുന്ന്. വേദനോയോടെ അന്നെന്നോട് അരുത് മോനെ ഇത് ദേവാലയമാണ് എന്ന് പറഞ്ഞ ആ വന്ദ്യപുരോഹിതന്മാരുടെ കാൽക്കൽ വീണ് മാപ്പപേക്ഷിച്ചുകൊ് നിങ്ങളോടും എനിക്ക് പറയാനുള്ളത് അതുതന്നെയാണ്..... അരുത് ദൈവജനമേ.. ഇത് ദൈവത്തിന്റെ ആലയമാണ്...ഇവിടം വിശുദ്ധമാണ്...ഇത് ദൈവത്തിന് പൊറുക്കാൻ പറ്റുന്നതല്ലയെന്ന് നീ തിരിച്ചറിയണം...അതുകൊാണ് ദൈവം സങ്കീർത്തനം 69.9 ൽ പറയുന്നത് അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞുവെന്ന്. ഇതേ വചനമാണ് ഈശോ ഇന്നത്തെ സുവിശേഷത്തിൽ ആവർത്തിക്കുന്നത്. ദേവാലയത്തിലെ വാണിജ്യവും, അലസതയും, നിർവികാരങ്ങളും യേശുവിനെ വേദനിപ്പിക്കുന്നു...അത് അവനെ വികാരഭരിതനാക്കുന്നു. എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമെന്നറിയപ്പെടുമെന്ന് ഏശയ്യാ 56, 7ൽ ദൈവം പറഞ്ഞ വചനത്തെ കാറ്റൽ പറത്തിക്കൊ് അവന്റെ ആലയത്തെ ചന്തയെക്കാളും വിരൂപമാക്കിത്തീർത്ത കച്ചവടമനോഭാവക്കാരോട് ഇങ്ങനെയല്ലാതെങ്ങനെയാണ് ക്രിസ്തു പ്രതികരിക്കേത്.

സ്നേഹവും കരുണയും, ക്ഷമയും, വാത്സല്യവുമൊക്കെയുള്ള ക്രിസ്തു തന്റെ പതിവു ശൈലികൾമറന്ന് രോഷാകുലനായി ചാട്ടവാറെടുക്കുന്നതായിട്ടാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക. കാരണം ദൈവത്തെപ്പോലും രോഷാകുലനാക്കുന്ന തരത്തിലുള്ള അനീതി ദൈവാലയത്തിൽ നടമാടിയെന്നർത്ഥം. അനീതികാണുമ്പോൾ കണ്ണടക്കുന്നതല്ല സ്നേഹവും, കരുണയും, ക്ഷമയും. അനീതിക്കെതിരെ ശക്തമായി പോരാടുന്നതാണ് യത്ഥാർത്ഥ സ്നേഹമെന്ന് പറയുന്നത്. ഈശോ നാഥൻ സുവിശേഷത്തിലാദ്യവും അവസാനവുമായി കോപിക്കുന്നത് ഇന്നത്തെ സുവിശേഷഭാഗത്തിലാണ്. കാരണമോ ദേവാലയത്തിലെ അനീതികൾ തന്നെ. ദൈവം വസിക്കുന്ന ആലയത്തിലെ അനീതി ദൈവത്തിന് പൊറുക്കുവാൻ സാധിച്ചില്ലെങ്കിൽ അവന്റെ പുരോഹിതനും അതു സാധിക്കില്ല.

## 2. ദേവാലയം

പൗരാണിക കാലം മുതൽ ഒരു സംസ്കാരത്തിലും ദേവാലയമില്ലാത്ത ഗ്രാമങ്ങളോ നഗരങ്ങളോ ഉായിട്ടില്ല.. കരണം ..ദേവാലയം എന്നാൽ ദൈവം വസിക്കുന്ന ആലയം. ആലയത്തിന്റെ പ്രാധാന്യവും, വിശുദ്ധിയും, അതിലെ ദൈവീക സാന്യധ്യവും തിരിച്ചറിയുന്ന ഒരു വ്യക്തിയും ദേവാലയത്തിൽ അനീതികാണിക്കില്ല. ഭൂമിയിലെ ദേവാലയങ്ങൾ....

1. മരവിച്ച ജീവിതങ്ങൾക്ക് ആശ്വസം
2. ജീർണ്ണിച്ച ലോകത്തിൽ നന്മയുടെ മരുപ്പച്ച
3. ഭൂമിയിലെ സ്വർഗ്ഗം
4. പാപിക്കും പുണ്യവാനം ആശാകേന്ദ്രം
5. ദേവാലയം ദൈവജനത്തെ പരിശുദ്ധരായി ജീവിക്കാൻ പ്രേരിപ്പിക്കുന്നു.
6. പിതാവിന്റെ ഭവനമാണ്

## 3. ദേവാലയവും ചന്തയും

ദേവാലയം നിസ്വാർത്ഥ സമർപ്പണത്തിന്റെ സ്ഥലം.. ചന്ത കഴുത്തറക്കുന്ന ഉപഭോഗസംസ്കാരത്തിന്റെ അറവുശാല..ചന്തയെയും അറവുശാലയെക്കാളും ദേവാലയം മോശമായപ്പോൾ ക്രിസ്തുവിന്റെ ഹൃദയം വേദനിച്ചു. ഭാഗ്യമെന്നുപറയട്ടെ നമ്മുടെ ദേവാലയങ്ങൾ അത്രക്കങ്ങ് അധപതിച്ചിട്ടില്ല. പക്ഷെ ദേവാലയത്തിൽ വരുന്ന നമ്മുടെ മനോഭാവങ്ങളും പെരുമാറ്റങ്ങളുമാണ് അധപതിച്ചതും, വേദനിപ്പിക്കുന്നതും.... പലപ്പോഴും നമ്മുക്ക് ദേവാലയംമെന്നാൽ....

1. കാര്യസാധ്യത്തിനുള്ള ഇടം..
2. ഫാഷൻപരേഡിനുള്ള അവസരം(വസ്ത്രധാരണം, അഢംബരം (കാർ, ആഭരണങ്ങൾ)
3. ദൈവനിന്ദക്കുള്ള സ്ഥലം..കാരണം.. നമ്മുടെ ഇരിപ്പ്, അശ്രദ്ധ, പള്ളിയിലെ സ്ഥാനം(പുറത്ത്), പ്രതികരണമില്ലായ്മ, അനുസരണമില്ലത്ത അവസ്ഥ, നിർവികാരത.. കുർബാന സ്വീകരിക്കാത്ത അവസ്ഥ, വേത്ര ഒരുക്കമില്ലായ്മ ..... ഇങ്ങനെയെത്രയെത്ര കാര്യങ്ങൾ...

**ഫാ. ജോസഫ് കോയിക്കൽ**